"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം- വനം വന്യജീവി വകുപ്പിൽ കോട്ടയം സർക്കിളിനു കീഴിലെ മാങ്കുളം ഡിവിഷനിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി നോക്കവേ അന്തരിച്ച അന്നമ്മ മാർക്കരയുടെ മകൻ ശ്രീ. തങ്കച്ചൻ.കെ.എസ്-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, ഇടുക്കി ജില്ലയിൽ വനം വന്യജീവി വകുപ്പിൽ, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.42/2022/F&WLD തീയതി, തിരുവനന്തപുരം, 25-07-2022.

---

പരാമർശം:-

1. സ.ഉ(പി) നം. 12/99/പി & എ.ആർ.ഡി തീയതി 24.05.1999.
2. ശ്രീ.തങ്കച്ചൻ.കെ.എസ്, കുന്നത്തുചാലിൽ വീട്, ചാറ്റുപാറ, മച്ചിപ്ലാവ് പി ഒ, ഇടുക്കി-685 561 സമർപ്പിച്ച 03.02.2020 ലെ അപേക്ഷയും അനുബന്ധരേഖകളും.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 03.11.2020 തീയതിയിലെ ഇ6-1875/2020 നമ്പർ കത്തും അനുബന്ധരേഖകളും.
4. ഇടുക്കി ജില്ലാ കളക്ടറുടെ 09.01.2022 ലെ DCIDK/5383/ 2020-A8 നമ്പർ കത്തും അനുബന്ധരേഖകളും.

<u>ഉത്തരവ്</u>

വനം വന്യജീവി വകുപ്പിൽ കോട്ടയം സർക്കിളിനു കീഴിലെ മാങ്കുളം ഡിവിഷനിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി നോക്കവേ 26.01.2019 ൽ അന്തരിച്ച അന്നമ്മ മാർക്കരയുടെ മകൻ ശ്രീ. തങ്കച്ചൻ.കെ.എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള അപേക്ഷ പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (3) പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൻമേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം ഇടുക്കി ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2. ദേവികുളം തഹസീൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം, മരണപ്പെട്ട ജീവനക്കാരിയുടെ അനന്തരാവകാശികൾ മകൾ എൽസി, നിർമ്മല, മകൻ വർഗ്ഗീസ്, ജോൺ, തങ്കച്ചൻ എന്നിവരാണ്. മറ്റ് അവകാശികൾ അപേക്ഷകന് ആശ്രിതനിയമനം നൽകുന്നതിന് അനുകൂലമൊഴി നൽകിയിട്ടുണ്ട്. അപേക്ഷകന്റെ ജനനത്തീയതി 22.04.1975 ആണ്. അപേക്ഷകന് എസ്.എസ്.എൽ.സി യോഗ്യതയുണ്ട്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 50,000/-രൂപയാണ്.

3. മേൽ സാഹചര്യത്തിൽ, വനം വന്യജീവി വകുപ്പിൽ കോട്ടയം സർക്കിളിനു കീഴിലെ മാങ്കുളം ഡിവിഷനിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി നോക്കവേ 26.01.2019 ൽ അന്തരിച്ച അന്നമ്മ മാർക്കരയുടെ മകൻ ശ്രീ. തങ്കച്ചൻ.കെ.എസ്-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും, സീനിയോറിറ്റി സംബന്ധിച്ച

ചട്ടങ്ങൾക്കും വിധേയമായി, വനം വന്യജീവി വകുപ്പിൽ ഇടുക്കി ജില്ലയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇടുക്കി ജില്ലയിൽ നിലവിൽ ഒഴിവില്ലാത്തതിനാൽ ഒഴിവുള്ള ജില്ലയിൽ ടിയാനെ നിയമിക്കാവുന്നതും ഇടുക്കി ജില്ലയിൽ ഒഴിവു വരുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ടിയാന് സ്ഥലംമാറ്റം അനുവദിക്കേണ്ടതുമാണ്.

4. അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി നിയമനം നൽകിക്കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകേണ്ടതാണ്.

5. ഈ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരേതയുടെ സേവനപുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷകൻ ഏതെങ്കിലും വസ്തുതകൾ മനഃപൂർവ്വം മറച്ചുവച്ചതായും തെറ്റായ വിവരങ്ങൾ നൽകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോദ്ധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ജില്ലാ കളക്ടർ, ഇടുക്കി.
ശ്രീ.തങ്കച്ചൻ.കെ.എസ്, കന്നത്തുചാലിൽ വീട്, ചാറ്റുപാറ, മച്ചിപ്ലാവ് പി ഒ, ഇടുക്കി-685 561. (രജിസ്റ്റേർഡ് തപാൽ മടക്ക രസീത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Noushad S**
**Date: 25-07-2022 13:49:17**